"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി - തൊഴിലാളികളുടെ ദിവസവേതനം വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്**

സ.ഉ.(സാധാ) നം.1568/2023/LSGD തീയതി,തിരുവനന്തപുരം, 03-08-2023

---

പരാമർശം:-
1. സ.ഉ.(കൈ)നം.210/2012/ തസ്വഭവ തീയതി 13.09.2010
2. സ.ഉ.(സാധാ)നം.1318/2022/തസ്വഭവ തീയതി 27.05.2022
3. കേന്ദ്ര ഗ്രാമവികസന മന്ത്രാലയത്തിന്റെ 24.03.2023-ലെ എസ്.ഒ.1425(ഇ) നമ്പർ വിജ്ഞാപനം
4. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 23.06.2023-ലെ LSGD/PD/42915/2023-DPLD3(1) നമ്പർ കത്ത്

**<u>ഉത്തരവ്</u>**

മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ മാതൃകയിൽ പരാമർശം (1) ഉത്തരവ് പ്രകാരം സംസ്ഥാനത്തെ നഗരപ്രദേശങ്ങളിൽ നടപ്പിലാക്കി വരുന്ന അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതിയിൽ പ്രവൃത്തിയെടുക്കുന്ന ഏതൊരാൾക്കും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പപദ്ധതിയിൽ കാലാകാലങ്ങളിൽ ലഭ്യമാകുന്നതിന് തുല്യമായ വേതനം ലഭിക്കാൻ അവകാശമുണ്ടായിരിക്കുന്നതാണ്.

2. നിലവിൽ അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതി പ്രകാരമുള്ള ദിവസവേതനം 311/- രൂപയാണ്. പരാമർശം (3) വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലെ തൊഴിലാളികളുടെ ദിവസ വേതനം 333 രൂപയായി കേന്ദ്ര സർക്കാർ വർദ്ധിപ്പിച്ചിട്ടുള്ള സാഹചര്യത്തിൽ അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി തൊഴിലാളികളുടെ ദിവസ വേതനവും തത്തുല്യമായി വർദ്ധിപ്പിക്കണമെന്ന് പരാമർശം (4) പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2023 ഏപ്രിൽ 1 മുതൽ മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ പദ്ധതിയ്ക്ക് കീഴിലെ സംസ്ഥാനത്തെ തൊഴിലാളികളുടെ പ്രതിദിന വേതനം 333/- രൂപയായി കേന്ദ്ര സർക്കാർ വർദ്ധിപ്പിച്ച സാഹചര്യത്തിൽ അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയിൻ കീഴിലുള്ള തൊഴിലാളികളുടെ പ്രതിദിന വേതനവും 333/- രൂപയായി (രൂപ മുന്നൂറ്റി മുപ്പത്തി മൂന്ന് മാത്രം) 01.04.2023 മുതൽ പ്രാബല്യത്തോടെ വർദ്ധിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

മിലൻ എലിസബേത്ത് ജോർജ്

അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, തദ്ദേശ സ്വയംഭരണ (അർബൻ) വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (Dev-3/82/2023/Fin dtd 02.05.2023)
വെബ് & ന്യൂ മീഡിയ, ഐ & പി.ആർ.ഡി.
ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signed by
Nisam N
Date: 03-08-2023 11:45:46
സെക്ഷൻ ഓഫീസർ

പകർപ്പ്:
ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ബഹു.തദ്ദേശ സ്വയംഭരണം, ഗ്രാമവികസന, എക്സൈസ് വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്